# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.256 28/10/2019-ൽ മറുപടിക്ക്

### ക്യാൻസർ സുരക്ഷാ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.ദാസൻ<br>ശ്രീ.സജി ചെറിയാൻ<br>ശ്രീ.കാരാട്ട് റസാഖ്<br>ശ്രീമതി.വീണാ ജോർജ്ജ്** | | **കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പമന്ത്രി)** | |
| എ) | സംസ്ഥാനത്ത് പ്രായഭേദമന്യേ ക്യാൻസർ ബാധിതരുടെ എണ്ണം വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട് |
| ബി) | പതിനെട്ട് വയസ്സിന് താഴെയുള്ള ക്യാൻസർ ബാധിതരായ എല്ലാ കുട്ടികൾക്കും പ്രയോജനം ലഭിക്കുന്ന വിധത്തിൽ ക്യാൻസർ സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | ബി) | ഉണ്ട് |
| സി) | ഒരു കുട്ടിയ്ക്ക് എത്ര രൂപ വരെയാണ് പ്രസ്തുത പദ്ധതി പ്രകാരം സഹായം നൽകുന്നതെന്ന് അറിയിക്കാമോ; | സി) | ക്യാൻസർ സുരക്ഷാ പദ്ധതി പ്രകാരം ഒരു കുട്ടിക്ക് പ്രാരംഭഘട്ടത്തിൽ 50,000 രൂപയുടെ സൗജന്യ ചികിത്സയും തുടർ ചികിത്സയ്ക്കായി അഞ്ചു ലക്ഷം രൂപയുടെ സൗജന്യ ചികിത്സയും ഡോക്ടറുടെ നിർദ്ദേശപ്രകാരം സാമൂഹ്യ സുരക്ഷാ മിഷന്റെ അനുമതിയോടെ ലഭിക്കുന്നതാണ്. |
| ഡി) | ഏതെല്ലാം ആശുപത്രികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ഡി) | റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം, ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി, മലബാർ കാൻസർ സെന്റർ എന്നിവിടങ്ങളിലും പുറമേ കേരളത്തിലെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ഈ പദ്ധതി പ്രകാരം സൗജന്യ ചികിത്സ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ